8. സൂക്ഷ്മവും ഔചിത്യപൂർണ്ണവുമായ ഡിമാന്റ് സൈഡ് മാനേജുമെന്റിലൂടെ ഉൽപ്പാദനവും ഉപഭോഗവും ക്രമപ്പെടുത്തൽ, ആധുനിക കമ്മ്യൂണിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തൽ.

9. ഊർജ്ജ സംരക്ഷണം ഉറപ്പാക്കാൻ ഉപഭോഗരീതിയും ഉപകരണങ്ങളുടെ മേൻമയും ക്ലിപ്തപ്പെടുത്തുന്നതിനുള്ള നിയമ നിർമ്മാണം.

10. പാമ്പരേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനവും പ്രചാരണവും പ്രോൽസാഹനവും.

11. (1) പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും.

(2) സ്വന്തമായി പുതിയ പദ്ധതികൾ ഏറ്റെടുക്കാനുള്ള സാമ്പത്തിക കാര്യപ്രാപ്തി ആർജ്ജിക്കാനും.

(3) ജനങ്ങളോടുത്തരവാദിത്തമുള്ള, ഉപഭോക്താക്കളുമായി സൗഹൃദപൂർണ്ണമായ സഹവർത്തിത്വം പുലർത്തുന്ന സ്ഥാപനമായി മാറ്റാനും ആവശ്യമായ പരിഷ്ക്കാരങ്ങളും, പുനഃസംഘടനയും സംസ്ഥാന വൈദ്യുതി ബോർഡിൽ വരുത്തൽ.

ടി വൈദ്യുതോർജ്ജനയത്തിന് അനുബന്ധമായി കോർപ്പറേറ്റ് ഓഫീസ് കൂടാതെ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ 3 ലാഭകേന്ദ്രങ്ങളായി പുനഃസംഘടിപ്പിക്കുന്നതിന് 20-11-1998-ൽ ബോർഡ് തീരുമാനമെടുത്തു. ഇതിന് 27-4-2000-ൽ സംസ്ഥാന സർക്കാർ അംഗീകാരം നൽകി. 1-4-2002 മുതൽ ഈ ലാഭ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു.

(സി) ബാധകമല്ല.

(ഡി) വൈദ്യുതി ഉപയോഗത്തിൽ താപ-ജലവൈദ്യുതി അനുപാതം 2001-2002-ൽ 45.7: 54.3, 2002-2003-ൽ 60.8: 39.2

(ഇ) ഉണ്ട്.

(എഫ്) സ്വകാര്യ പങ്കാളിത്തത്തോടുകൂടി 161 മെഗാവാട്ട് ശേഷിയുള്ള പുതിയ 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ സ്വകാര്യ സംരംഭകരിൽ നിന്നും 500 മെഗാവാട്ട് താപവൈദ്യുതിയും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

പ്രസരണ നഷ്ടം കുറയ്ക്കാൻ ആക്ഷൻ പ്ലാൻ

109 (3909) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എ. കെ. മണി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര കാലത്തിനുള്ളിൽ വൈദ്യുതിയുടെ പ്രസരണനഷ്ടം അനുവദനീയമായ പരിധിക്കുള്ളിൽ കൊണ്ടുവരാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

(സി) അതിനുവേണ്ടി ഒരു ആക്ഷൻ പ്ലാനിന് രൂപം കൊടുത്തിട്ടുണ്ടോ ; എങ്കിൽ അത് ലഭ്യമാക്കുമോ ;

(ഡി) ആക്ഷൻ പ്ലാൻ തയ്യാറാക്കാത്തപക്ഷം അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയ സബ് സ്റ്റേഷനുകൾക്ക് സ്ഥാപിച്ചും കൂടുതൽ ശേഷിയുള്ള പ്രസരണ ലൈനുകൾ നിർമ്മിച്ചും കപ്പാസിറ്ററുകൾ സ്ഥാപിച്ചും, എച്ച്.ടി.-എൻ.ടി. അനുപാതം കുറച്ചും പ്രസരണ നഷ്ടം കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അടുത്ത മൂന്ന് വർഷത്തിനകം പ്രസരണ നഷ്ടം അനുവദനീയമായ പരിധിക്കുള്ളിൽ കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോഴത്തെ പ്രസരണ നഷ്ടമായ 6.2%-ത്തിൽ നിന്നും അനുവദനീയമായ 8% ആയി കുറയ്ക്കാനാണ് ശ്രമിക്കുന്നത്.

(സി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ബാധകമല്ല.

ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ പഴക്കം

110 (3910) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളുമുണ്ട് ;

(ബി) ഇവയുടെ പഴക്കം എത്ര വരുമെന്ന് പറയുമോ ;

(സി) ഇവയിൽ ചെമ്പുകൊണ്ടുള്ള ടാൻസ്മിഷൻ ലൈനുകളുടേയും ഡിസ്ട്രിബ്യൂഷൻ ലൈനുകളുടേയും ദൈർഘ്യമെന്ത് ;

(ഡി) അലുമിനിയം കൊണ്ടുള്ള ലൈനുകളിലാണോ ചെമ്പുകൊണ്ടുള്ള ലൈനുകളിലാണോ ട്രാൻസ്മിഷൻ നഷ്ടം കൂടുതൽ അനുഭവപ്പെടുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly